**പ്രസിദ്ധീകരണത്തിന്:**

ലോക പേവിഷബാധാ ദിനാചരണത്തിന്റെ ഭാഗമായി പൂക്കോട് വെറ്ററിനറി കോളേജിലെ എപിഡെമിയോളജി & പ്രിവന്റിവ് മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ വളർത്തു നായ്ക്കൾക്കും, പൂച്ചകൾക്കും സൗജന്യമായി പേവിഷബാധക്കെതിരെയുള്ള പ്രതിരോധ കുത്തിവെയ്പ്പ് നൽകുന്നു. പൂക്കോട് മൃഗചികിത്സാ പഠന സമുച്ചയത്തിന്റെയും, എംഎസ്ഡി അനിമൽ ഹെൽത്തിന്റെയും സഹകരണത്തോടെ സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 3 വരെ സർവ്വകലാശാലയുടെ പൂക്കോട്, കാക്കവയൽ മൃഗാശുപത്രികളിൽ വെച്ച് കാലത്ത് 9 മുതൽ ഉച്ചക്ക് 12 മണി വരെ വളർത്തു മൃഗങ്ങളെ സൗജന്യ കുത്തിവെയ്പ്പിനായി കൊണ്ടുവരാവുന്നതാണ്.

പ്രതിരോധകുത്തിവെയ്പ്പ് ക്യാമ്പുകളുടെയും, ബോധവൽക്കരണ പരിപാടികളുടെയും ഉദ്ഘാടനം 2026 സെപ്റ്റംബര് 28 ന് കാലത്ത് 10.00 മണിക്ക് ബഹു. പൊഴുതന ഗ്രാമപഞ്ചായത് പ്രസിഡന്റ് ശ്രീ. അബ്ദുൽ നാസർ കാദിരി നിർവഹിക്കുന്നതാണ്. തുടർന്ന് മുത്താറിക്കുന്ന് ഉന്നതിയിലെ വളർത്തുനായ്ക്കൾക്കും, പൂച്ചയ്ക്കും പ്രതിരോധ കുത്തിവെയ്പ്പ് നൽകുന്നതാണ്.

**ഡോ. ബിപിൻ കെ. സി,**
വകുപ്പ് മേധാവി,
എപിഡെമിയോളജി & പ്രിവന്റിവ് മെഡിസിൻ വിഭാഗം,
വെറ്ററിനറി & ആനിമൽ സയൻസസ് കോളേജ്, പൂക്കോട്